# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 26895/AD A1/3/എ ഡി എ 1/AD A 1 തീയതി: 22.10.2020

പ്രിയദർശിനി ഹിൽസ്,

## സർക്കുലർ

വിഷയം:- ഭരണകാര്യം: സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സർവ്വകലാശാല പരിപത്രം നം. 26895/AD A1/3/AD A1/AD A1, തീയതി 02.07.2020
2. ഫയൽ നം. 50938/FC-C-8/2020/FCC S മേലുള്ള വൈസ് ചാൻസലറുടെ ഉത്തരവ്
3. സഹകരണ സംഘം പ്രസിഡനന്റിൻറെ 01.10.2020 തീയതിയിലുള്ള കത്ത്

സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ട് സർവ്വകലാശാല പരിപത്രം സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർവ്വകലാശാല എംപ്ലോയീസ് സഹകരണ സംഘത്തെ സർവ്വകലാശാല ജീവനക്കാർ സാമ്പത്തിക ആവശ്യങ്ങൾക്കായി വലിയ തോതിൽ ആശ്രയിക്കുന്നതിനാൽ എംപ്ലോയീസ് സഹകരണ സംഘത്തെ ശമ്പള സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള സൂചന (1) ലെ നിബന്ധനകളിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (3) പ്രകാരം സംഘം പ്രസിഡൻറ് കത്ത് നൽകിയിട്ടുണ്ട്.

എംപ്ലോയീസ് സഹകരണ സംഘം പ്രസിഡൻറിൻറെ കത്തിൻറെ അടിസ്ഥാനത്തിൽ സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം, സഹകരണ സംഘം ആവശ്യത്തിനായി നൽകുമ്പോൾ മാത്രം, പ്രസ്തുത സർവ്വകലാശാല പരിപത്രത്തിൻറെ പരിധിയിൽ നിന്ന് താഴെ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒഴിവാക്കിയിരിക്കുന്നു.

എംപ്ലോയീസ് സഹകരണ സംഘത്തിലേക്ക് ശമ്പള സാക്ഷ്യപത്രത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ, അപേക്ഷ നൽകുന്ന സമയത്തെ ജീവനക്കാരൻറെ/ ജീവനക്കാരിയുടെ Net Salary -യും Society Recovery -യുടെ തുകയും ചേർത്തുള്ള തുക ആകെ ശമ്പളത്തിൻറെ 50 ശതമാനത്തിന് മുകളിൽ വന്നാൽ, അവർക്ക് മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയീസ് സഹകരണ സംഘം നമ്പർ K 771 -ലേക്ക് മാത്രം, ശമ്പള സാക്ഷ്യപത്രം ആവശ്യമുള്ള പക്ഷം, അനുവദിക്കുന്നതാണ്.

മറ്റുള്ള എല്ലാ അവസരങ്ങളിലും സൂചന (1) പരിപത്രത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം അനുവദിക്കുകയുള്ളൂ.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4. പ്രസിഡൻറ്, എംപ്ലോയീസ് സഹകരണ സംഘം
5. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/ അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ അക്കാദമികവിഭാഗം/ ധനകാര്യവിഭാഗം)
6. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി./ സിറ്റാഡ്
7. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. യൂണിവേഴ്സിറ്റി
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #105 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Oct-2020 12:19 PM - Page 1

Draft #105 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Oct-2020 12:19 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം